## പതിനൊന്നാം കേരള നിയമസഭ
**ആറാം സമ്മേളനം**
**2003 ജൂലൈ 7-ാം തീയതി തിങ്കളാഴ്ച**

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -23)

381)ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ
382)റവന്യൂ താലൂക്കുകൾ പുന:സംഘടിപ്പിക്കുന്നതിനു നടപടി
383)റീസർവ്വേ പ്രവർത്തനം പൂർത്തീകരിക്കുവാൻ പ്രത്യേക പദ്ധതി
384)സാറ്റലൈറ്റ്' സഹായത്തോടെയുള്ള 'ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം'
385)സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലന പരിപാടി
386)വിദേശ രാജ്യങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി
387)ഭൂനികുതി പരിഷ്ക്കരണം
388)കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ
389)നിയമനാംഗീകാരമില്ലാതെ ജോലിചെയ്യുന്ന അദ്ധ്യാപകർ
390)നദി, കായൽ, പുറമ്പോക്ക് സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച കോടതി ഉത്തരവ്
391)നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും
392)നബാർഡിന്റെ സഹായത്തോടെ മരാമത്ത് പണികൾ
393)ആഗോള തൊഴിലവസരങ്ങളറിയിക്കാൻ സംവിധാനം
394)പുതിയ താലൂക്കുകൾ
395)താഴ്ന്ന വരുമാനത്തിൽപ്പെടുന്നവർക്ക് ഫീസിൽ കുറവുവരുത്തുന്നതിന് നടപടി
396)സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിന് നടപടി
397)എസ്.സി.ഇ.ആർ.ടി.യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ ക്രമക്കേടുകൾ
398)എൻജിനിയറിംഗ് കോളേജ് പ്രവേശനത്തിനുള്ള കൗൺസലിംഗ്
399)പ്രകൃതിക്ഷോഭ ദുരിതനിവാരണ പദ്ധതികൾ
400)വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകാൻ നടപടി
401)സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സമഗ്ര വികസനം
402)സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ കുറവ്
403)എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യ നിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ

### ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനങ്ങൾ

*381. ശ്രീ. കെ.സി. ജോസഫ് :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

________(എ) അളവ് തൂക്കങ്ങളെ സംബന്ധിച്ച നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ലംഘിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രധാനപ്പെട്ട വിൽപ്പന കേന്ദ്രങ്ങളിൽ ലീഗൽ മെട്രോളജി വകുപ്പ് മിന്നൽ പരിശോധന നടത്താറുണ്ടോ ;

(സി) ഉണ്ടെങ്കിൽ നടപ്പുവർഷം നാളിതുവരെ എത്ര കേന്ദ്രങ്ങളിൽ ഇത്തരം പരിശോധനകൾ നടത്തിയിട്ടുണ്ട്;

(ഡി) ഇതിൻപ്രകാരം എത്ര സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും പേരിൽ കേസ്സെടുക്കുകയുണ്ടായി ;

(ഇ) ഉപഭോക്താക്കൾ നൽകുന്ന പരാതിയിന്മേൽ ഏതെല്ലാം തരത്തിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

**ശ്രീ. കെ.എം. മാണി ( റവന്യൂവും നിയമവും വകുപ്പുമന്ത്രി):**

(എ) ലീഗൽ മെട്രോളജി വകുപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥന്മാർ അവരവരുടെ അധികാര പരിധിക്കുള്ളിൽ അളവുതൂക്ക നിയമങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ച പരിശോധന നടത്തിവരുന്നു. ഏഴ് ഫ്ളയിംഗ് സ്ക്വാഡുകൾ ഇതിനു മാത്രമായി പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നടപ്പുവർഷം 11,838 കേന്ദ്രങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്.

(ഡി) സ്ഥാപനങ്ങളും വ്യക്തികളും ഉൾപ്പെടെ 5631 കേസ്സുകൾ എടുത്തിട്ടുണ്ട്.

(ഇ) ഉപഭോക്താക്കൾ നൽകുന്ന പരാതിയിന്മേൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥന്മാർ പരിശോധന നടത്തി, പരാതിക്കാരനെ വിവരം അറിയിക്കുന്നു. പരാതിക്കാരന്റെ മേൽവിലാസം രഹസ്യമായി സൂക്ഷിക്കുന്നു. കേസിന്റെ രീതി അനുസരിച്ച് പിഴ ഈടാക്കുകയും പിഴ ഈടാക്കാത്തവയിൽ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ ജനുവരി മുതൽ ജൂൺവരെ 46,61,335 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. 45 കേസുകൾ വിവിധ കോടതികളിലായി ഫയൽ ചെയ്തിട്ടുണ്ട്.

## റവന്യൂ താലൂക്കുകൾ പുന:സംഘടിപ്പിക്കുന്നതിനു നടപടി

*382. ശ്രീ. സി.കെ. നാണു :

ശ്രീ. കെ.പി. മോഹനൻ :

ശ്രീ. എ.സി. ഷൺമുഖദാസ് :

ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റവന്യൂ താലൂക്കുകൾ പുന:സംഘടിപ്പിക്കുന്നതിന് മുൻസർക്കാർ തീരുമാനം എടുത്തിട്ടുണ്ടായിരുന്നോ; എങ്കിൽ പ്രസ്തുത തീരുമാനം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) നിലവിലുള്ള താലൂക്കുകൾ പുന:സംഘടിപ്പിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

**ശ്രീ. ശ്രീ. കെ.എം. മാണി ( റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) മുൻ സർക്കാരിന്റെ കാലത്ത് 16 പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിരുന്നു.

(ബി) &(സി) രൂപീകരിക്കാൻ ഉദ്ദേശിച്ച് താലൂക്കുകളുടെ ആസ്ഥാനം എവിടെയാണെന്നോ ഏതൊക്കെ വില്ലേജുകൾ അതിൽ ഉൾപ്പെടുമെന്നോ പ്രസ്തുത തീരുമാനത്തിൽ വ്യക്തമാക്കിയിരുന്നില്ല. പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വീണ്ടും നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് തൃതല പഞ്ചായത്ത് സംവിധാനം വന്നതിനുശേഷമുള്ള ഭരണപരമായ കാര്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. എല്ലാ കാര്യങ്ങളും പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തികസ്ഥിതി കൂടി കണക്കിലെടുത്തശേഷം വളരെ ആവശ്യമെന്നു കാണുന്ന ജനസംഖ്യയും വിസ്തൃതിയും കൂടുതലുള്ള താലൂക്കുകളും വില്ലേജുകളും മാത്രം വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഇതിനെപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയോഗിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട് .

## റീസർവ്വേ പ്രവർത്തനം പൂർത്തീകരിക്കുവാൻ പ്രത്യേക പദ്ധതി

*383. ശ്രീ. കെ. വി. കുഞ്ഞിരാമൻ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. ടി.കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ ഇതിനകം റീസർവ്വേ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കുമോ ;

(ബി) റീസർവ്വേയുമായി ബന്ധപ്പെട്ട് തീർപ്പു കൽപ്പിക്കുവാൻ എത്ര കേസുകളാണ് ബാക്കിയുള്ളത്;

(സി) റീസർവ്വേ പ്രവർത്തനം സംസ്ഥാനത്താകെ പൂർത്തീകരിക്കുവാൻ പ്രത്യേക പദ്ധതികൾ സർക്കാർ ആലോചിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) റീസർവ്വേ കേസ്സുകളിൽ തീർപ്പ് കൽപ്പിക്കുവാൻ പ്രത്യേക സർവ്വേ അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ സർവ്വേ അദാലത്തുകളുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി) :**

(എ) 681 വില്ലേജുകൾ.
(ബി) 26447 കേസ്സുകൾ.
(സി) ഉണ്ട്.
(ഡി) 12 വർഷംകൊണ്ട് ആധുനിക സർവ്വേ ഉപകരണങ്ങളുപയോഗിച്ച് സംസ്ഥാനത്ത് റീസർവ്വേ പൂർത്തീകരിക്കുന്നതിനുള്ള ഒരു ആക്ഷൻപ്ളാൻ തയ്യാറാക്കുകയും അതനുസരിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ റീസർവ്വേ പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു. ആധുനിക സർവ്വേ ഉപകരണങ്ങളായ ടോട്ടൽ സ്റ്റേഷൻ, ജി.പി.എസ്. കമ്പ്യൂട്ടർ എന്നിവ ഉപയോഗിച്ച് തൃശൂർ താലൂക്കിലെ വിളപ്പായ വില്ലേജ്, ആവന്നൂർ വില്ലേജ്, ദേവികുളം താലൂക്കിലെ കെ.ഡി.എസ്. വില്ലേജ് എന്നിവിടങ്ങളിലെ റീസർവ്വേ ഫീൽഡ് പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ട്. കാസർഗോഡ് താലൂക്ക്, വൈക്കം താലൂക്ക് എന്നിവിടങ്ങളിലെ റീസർവ്വേ ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലും ശേഷിക്കുന്ന റീസർവ്വേ പ്രവർത്തനം ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ച് ത്വരിതപ്പെടുത്തുന്നതാണ്.
(ഇ) റീസർവ്വേ കേസ്സുകളിൽ തീർപ്പു കൽപ്പിക്കുവാൻ ഏകമാസ അദാലത്തും ഏകദിന അദാലത്തും നടത്തിവരുന്നു.
(എഫ്) ഏകദിന അദാലത്തിൽ 454890 പരാതികൾ ലഭിക്കുകയും ആയതിൽ 444747 പരാതികളിൽ നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഏകമാസ അദാലത്തിൽ 875748 പരാതികൾ ലഭിച്ചതിൽ 859444 പരാതികളിൽ നടപടിയെടുത്തിട്ടുണ്ട്.

## 'സാറ്റലൈറ്റ്' സഹായത്തോടെയുള്ള 'ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം'

*384. ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ 'സാറ്റലൈറ്റ്' സഹായത്തോടെയുള്ള 'ജ്യോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം' ഏർപ്പെടുത്തുവാൻ സർക്കാരിനു പദ്ധതിയുണ്ടോ;
(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;
(സി) ഇൻഡ്യയിൽ മറ്റേതെങ്കിലും സംസ്ഥാനത്ത് ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;
(ഡി) ' സാറ്റലൈറ്റിന്റെ സഹായത്തോടെയുള്ള ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് എന്തു തുക ചെലവു വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;
(ഇ) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) & (ബി) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ റോഡുകളുടെ ഡിജിറ്റൽ ഡാറ്റയും മാപ്പും തയ്യാറാക്കുന്നതിനുള്ള ഒരു പരിപാടിക്ക് രൂപം കൊടുത്തു വരികയാണ്. റോഡുകളുടെ ഏറ്റവും ഒടുവിലത്തെ സ്ഥിതി മനസ്സിലാക്കുന്നതിനും അതുവഴി മെയിന്റനൻസ് പണികൾ ഏറ്റവും ആവശ്യമായിടത്ത് മുൻഗണനാക്രമത്തിൽ ചെയ്യുന്നതിനും അങ്ങനെ റോഡുകളുടെ പരിപാലനം മികവുറ്റതാക്കുന്നതിനും കഴിയുമെന്നുള്ളതാണ് നിർദ്ദിഷ്ട ക്രമീകരണം കൊണ്ടുണ്ടാവുന്ന പ്രയോജനം.
(സി) മഹാരാഷ്ട്ര, ആന്ധ്രാ, ആസാം, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
(ഡി)&(ഇ) ഏകദേശം നാലു കോടി രൂപാ ചെലവാകും.

## സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലന പരിപാടി

*385. ശ്രീ. മത്തായി ചാക്കോ :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിഷ്ക്കരിച്ച പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്കൂൾ അദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലനം ഈ വർഷം ആരംഭിച്ചിട്ടുണ്ടോ;
(ബി) ഇല്ലെങ്കിൽ ത പരിശീലന പരിപാടി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം പരിശീലന പരിപാടി വൈകിയതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) അദ്ധ്യയനം ആരംഭിച്ചതിനു ശേഷം പരിശീലന പരിപാടി നടത്തുന്നത് വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) അദ്ധ്യാപക പരിശീലന പരിപാടി ആഗസ്റ്റ് 2003 ഓടെ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പരിശീലന പരിപാടികൾ വൈകിയിട്ടില്ല.

(ഡി) പരശിശീലന പരിപാടികൾ വെക്കേഷൻ കാലത്തും അല്ലാതെയും നൽകേണ്ടിവരും. എസ്.എസ്.എ. പദ്ധതിപ്രകാരം ഒരു അദ്ധ്യാപകന് ഒരു വർഷത്തിന് 20 ദിവസത്തോളം പല അവസരങ്ങളിലായി പരിശീലനം നൽകാൻ നിർദ്ദേശിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ വെക്കേഷൻ സമയത്ത് മാത്രമായി പരിശീലന പരിപാടികൾ നിജപ്പെടുത്താൻ പ്രയാസമാണ്.

(ഇ) ഒരു സ്കൂളിൽ നിന്ന് ഒരു സമയം ഒന്നിൽ കൂടുതൽ അദ്ധ്യാപകരെ പരിശീലനത്തിന് അയക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പഠനത്തെ യാതൊരു കാരണവശാലും ബാധിക്കാത്ത രീതിയിൽ പരിശീലന പരിപാടിയും ക്രമീകരിക്കും.

## <u>വിദേശ രാജ്യങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി</u>

*386. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ ജോലിക്കിടയിലും മറ്റുമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി ലഭിച്ച പണം സർക്കാരിന്റെ അധീനതയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ ഇനത്തിൽ ആശ്രിതർക്ക് വിതരണം ചെയ്യാതെ കൈവശം വച്ചിട്ടുള്ള തുകയെത്രയെന്ന് അറിയിക്കാമോ ;

(സി) പ്രസ്തുത പണം ആശ്രിതർക്ക് വിതരണം ചെയ്യുന്നതിൽ കാലതാമസം വന്നതിന്റെ കാരണമെന്തെന്ന് അറിയിക്കാമോ ;

(ഡി) കടബാധ്യതകൾമൂലം കഷ്ടതയനുഭവിക്കുന്നവരുടെ ആശ്രിതർക്ക് അടിയന്തിരമായി നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്റികാര്യവും വകുപ്പുമന്ത്രി) :**

(എ) വിദേശ രാജ്യങ്ങളിൽ ജോലിക്കിടയിലും മറ്റുമായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനായി ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളിൽ നിന്നും, പണം ജില്ലാ കളക്ടറുടെ പേരിൽ അയച്ചു കൊടുക്കാറുണ്ട്. പ്രസ്തുത തുക ജില്ലാ കളക്ടർമാർ ട്രഷറി സേവിംഗ്സ് ബാങ്കുകളിൽ നിക്ഷേപിക്കുകയും ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് അവകാശികൾക്ക് വിതരണം ചെയ്യുകയും ചെയ്യാറുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശൂർ എന്നീ ജില്ലകളിലായി 2,40,12,010 രൂപ വിതരണം ചെയ്യുന്നതിനായി ടി.എസ്.ബി.യിൽ നിക്ഷേപിച്ചിട്ടുണ്ട്. മറ്റു ജില്ലകളിലെ കണക്ക് ലഭ്യമായിട്ടില്ല.

(സി) 5-4-1986-ലെ ഏ.ഷ.(ങ്ങട) 68/86/ഒീല ഉത്തരവു പ്രകാരം അവകാശ സർട്ടിഫിക്കറ്റ്, 12 വർഷം സർവ്വീസ് ബാക്കിയുള്ള ഒരു സംസ്ഥാന സർക്കാർ ജീവനക്കാരന്റെ ശമ്പള സർട്ടിഫിക്കറ്റ്, ഇൻഡെംനിറ്റി ബോണ്ട്, പണം കൈപ്പറ്റുന്ന അവകാശിയെ തിരിച്ചറിയുന്നതിന് വില്ലേജ് ആഫീസർ നൽകുന്ന തിരിച്ചറിയൽ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ മരണാനന്തര ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഹാജരാക്കേണ്ടതുണ്ട്. അവകാശികൾ മേൽപ്പടി രേഖകൾ ഹാജരാക്കാൻ ഉണ്ടാകുന്ന കാലതാമസം കൊണ്ടാണ് തുക വിതരണം ചെയ്യുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നത്.

(ഡി) ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്യുന്നതാണ്.

## <u>ഭൂനികുതി പരിഷ്ക്കരണം</u>

*387. ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി.പി. രാമകൃഷ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുവർഷം ഭൂനികുതി പരിഷ്ക്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഭൂനികുതി പരിഷ്ക്കരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഭൂനികുതി പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങലുടെ അഭിപ്രായം ആരായുന്നുണ്ടോ;

(ഡി) പ്രസ്തുത നികുതി നിർണ്ണയത്തിന് ഭൂമിയുടെ പരിധി വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി)** :

(എ) ഇല്ല.

(ബി) , (സി) & (ഡി) : (എ) വിഭാഗം ചോദ്യത്തിനുള്ള ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല .

## കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട ദുരിതാശ്വാസ പ്രവർത്തനങ്ങൾ

388. ശ്രീ.കെ. പി. സതീശ്ചന്ദ്രൻ
ശ്രീ എം.വി. ജയരാജൻ
ശ്രീ കെ. രാധാകൃഷ്ണൻ
ശ്രീ വി. ചെന്താമരാക്ഷൻ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഈ വർഷം ഇതുവരെ സംസ്താനത്ത് എത്ര ഹെക്ടർ സ്ഥലത്ത് കൃഷിനാശം സംഭവിച്ചു എന്ന് കണക്കാക്കിയിട്ടുണ്ടൊ; എങ്കിൽ വിശദാംശം നൽകുമോ; കാലവർഷക്കെടുതിയിലുണ്ടായ നഷ്ടം കണക്കാക്കിയൊ; എങ്കിൽ എത്ര;

(ബി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് വീട് നഷ്ടപ്പെട്ടവർ എത്ര; ഇവരുടെ പുനരധിവാസം, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ചുളള വിശദാംശം വ്യക്തമാക്കുമോ;

(സി) കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് ഏറ്റവും കൂടുതൽ ദുരന്തങ്ങൾ സംഭവിച്ചിട്ടുളളത് ഏതൊക്കെ ജില്ലകളിലൊണെന്ന് വ്യക്തമാക്കുമോ;

(ഡി) കാലവർഷക്കെടുതികൾ നേരിടുന്നതിന് ഓരോ ജില്ലകളിലേക്കും എത്ര തുക വീതം അനുവദിച്ചു;

(ഇ) സംസ്ഥാനത്തെ കാലവർഷക്കെടുതികൾ നേരിടുന്നതിനായി കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) കാലവർഷക്കെടുതിയ്ക്കിരയായവർക്കും വീടു നഷ്ടപ്പെട്ടവർക്കും മരണമടഞ്ഞവർക്കും എന്തു സഹായമാണ് സർക്കാർ നൽകുന്നത് എന്ന് വ്യക്തമാക്കുമോ. ?

**ഉത്തരം**

**ശ്രീ. കെ. എം.മാണി(റവന്യുവും നിയമവും വകുപ്പുമന്ത്രി)**

(എ) സംസ്ഥാനത്തൊട്ടാകെ കാലവർഷക്കെടുതിയുമായി *ന്ധപ്പെട്ട് ഈ വർഷം* ഇതുവരെ 11,24,05,510/- രൂപയുടെ കൃഷി നാശം സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചും വിള തിരിച്ചുമുളള കൃഷി നാശം അനുബന്ധം 1.2 ആയി ചേർത്തിട്ടുണ്ട്

(ബി) ഇതുവരെ ലഭ്യമായ കണക്ക് വച്ച് പൂർണ്ണമായി വിട് നഷ്ടപ്പെട്ടവർ 205 പേരും, ഭാഗികമായി വീട് നഷ്ടപ്പെട്ടവർ 925 പേരുമാണ്ഭ പൂർണ്ണമായി വീട് നഷ്ടപ്പെട്ടവരെ താല്ക്കാലികമായി ആശ്വാസ കേന്ദ്രണങ്ങളിൽ പാർപ്പിക്കുകയും അവർക്കാവശ്യമായ ഭക്ഷണം വസ്ത്രം എന്നിവ വിതരണം ചെയ്യാൻവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തിരുവനന്തപുരം കോട്ടയം എന്നീ ജില്ലകളിലാണ് കൂടുതൽ ദുരന്തങ്ങൾ സംഭവിച്ചത്.

(ഡി) മറുപടി അനുബന്ധമായി ചേന്ർത്തിട്ടുണ്ട്.

(ഇ) കാലവർഷം അതിന്റെ പൂർണ്ണതയിൽ എല്ലാ ജില്ലകളിലും എത്തിയിട്ടില്ലാത്തതിനാൽ ഇതുവരെ പ്രത്യേക കേന്ദ്ര സഹായം അഭ്യർത്ഥിച്ചിട്ടില്ല. കെടുതികളുടെ പൂർണ്ണമായ വിവരം ശേഖരിച്ച് താമസിയാതെ പ്രത്യേക കേന്ദ്ര സഹായം (എൻ.സി.സി.എഫ്) അഭ്യർത്ഥിക്കുന്നതാണ്.

(എഫ്) വീട് പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് 15,000/- രൂപയും ഭാഗീകമായി കേട് സംഭവിക്കുന്നവർക്ക് 5,000/- രൂപ വരെയും വീടും സ്ഥലവും ഒന്നും ശേഷിക്കാതെ ഒലിച്ചുപോയവർക്ക് 25,000/- രൂപയും ധനസഹായം നൽകുന്നു. പ്രായപൂർത്തിയായ ആൾ മരിച്ചാൽ ആശ്രിതർക്ക് 50,000/ രൂപയും പ്രായപൂർത്തിയാകാത്തവരുടെ ബന്ധുക്കൾക്ക് 15,000/- രൂപയും നൽകുന്നു.

## നിയമനാംഗീകാരമില്ലാതെ ജോലിചെയ്യുന്ന അദ്ധ്യാപകർ

389. ശ്രീ. കളത്തിൽ അബ്ദുള്ള
ശ്രീ സി. മമ്മുട്ടി
ശ്രീ.പി.കെ. അബ്ദുറബ്ബ്
ശ്രീ ടി.പി.എം സാഹിർ
ശ്രീ സി. മോയിൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളത്തിലെ എയ്ഡഡ് വിദ്യാലയങ്ങളിൽ മൂന്നും നാലും വർഷമായി നിയമനാംഗീകാരമില്ലാതെ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അദ്ധ്യാപകരുടെ നിയമനാംഗീകാരം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇത്തരം അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകുവാനും ശമ്പളം കൊടുക്കുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) യും (സി) യും : ഹൈസ്കൂൾ തലം വരെ 29.10.2001 വരെ നടത്തിയ നിയമാനുസൃതമായ നിയമനങ്ങൾ അംഗീകരിക്ക,ാൻ 27.4.2002 ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 80/2002/പൊവി. പ്രകാരം ഉത്രവായിരുന്നു. എന്നാൽ അതിനുശേഷമുള്ളവ, പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതും അംഘീകരിക്കുന്നതു സംബന്ധിച്ചും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഹയർ സെക്കണ്ടറി സ്കൂളിലെ അധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതു സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങ്ൾ വ്യക്തമാക്കുന്നു.

1999-2000, 2000-2001,2001-2002 എന്നീ മൂന്ന് അദ്ധയായന വർഷങ്ങളിലെ 7648 ഹയർ സെക്കണ്ടറി അധ്യാപക തസ്തികകൾ ജി.ഒ. (എംഎസ്) 261/2001/പൊവി. ഉത്തരവ് പ്രകാരം 17.8.2001 ൽ മാത്രമാണ് സൃഷ്ടിച്ചത്. ഇത്രയേറെ അധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച് സ്വാഭാവികമായ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശം ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ തീവ്ര യത്നത്തിന്റെ ഫലമായി 6400 ലേറെ നിയമനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

സുപ്രീംകോടതി വിധിപ്രകാരമുള്ള നിയമനനിരോധനം നിലനിന്ന കാലയളവിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് പിന്നീടുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനം സംബന്ധിച്ച വിവിധ വശങ്ങൾ പരിശോധിച്ചും പ്രസ്തുത അദ്ധയാപകരെ നേരിൽ കണ്ടും തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

## നദി, കായൽ, പുറമ്പോക്ക് സ്വകാര്യ വ്യക്തികൾക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച കോടതി ഉത്തരവ്

390. ശ്രീ. ഷിബു ബേബി ജോൺ
ശ്രീ. ഉമേഷ് ചള്ളിയിൽ
ശ്രീ. എ.എൻ. രാജൻ ബാബു
ശ്രീ. കെ.കെ. ഷാജു
ശ്രീ. ജോണി നെല്ലൂർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നദി, കായൽ തുടങ്ങിയവരുടെ പുറമ്പോക്ക് സ്വകാര്യവ്യക്തികൾക്ക് പതിച്ചുനൽകാൻ പാടില്ല എന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുമൂലം കായലിനും കടലിനും മദ്ധ്യേയുള്ള ചെറിയ ദ്വീപുകളിൽ തലമുറകളായി താമസിക്കുന്നവർ കൈവശാവകാശരേഖകൾ ഇല്ലാത്തതിനാൽ ബുദ്ധിമുട്ടുന്നത് സ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോഴുള്ള നിയമമനുസരിച്ച് ഭൂമി പതിച്ചു നൽകുന്നതിന് തടസ്സമായതിനാൽ ഈ ഭൂവുടമകളെ സഹായിക്കാൻ എഅതെങ്കിലും നിയമഭേതഗതി നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. എം.മാണി)റവന്യുവും നിയമവും വകുപ്പുമന്ത്രി)**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) നദികളുടെയും മറ്റ് ജലസ്രോതസ്സുകളുടെയും തീരത്തുള്ള ഭൂമി പതിച്ചു നൽകുന്നതു ഒ.പി. നമ്പർ 17133/96 ബിയിലെ വിധി തീർപ്പിൽ കേരള ഹൈക്കോടതി വിലക്കിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകി വരുന്നുണ്ട്. പ്രസ്തുത ഭൂമി തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ നിയമ ഭേദഗതി വരുത്തുവാൻ റവന്യൂവകുപ്പിന് ബുദ്ധിമുട്ടാണ്.

## നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും

391. ശ്രീ. ടി.പി. രാമകൃഷ്ണൻ
ശ്രീ. വി.കെ. ചന്ദ്രൻ
ശ്രീ. കെ.കെ. ജയചന്ദ്രൻ
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതുമൂലം നദികളെ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) മണൽവാരൽരംഗത്തെ അഴിമതിയും മാഫിയാ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) നിയമത്തിലോ ചട്ടങ്ങളിലോ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു തരത്തിലുളള ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മണലിന് എന്തെങ്കിലും നിയന്ത്രണമോ നികുതിയോ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി)**

(എ) 2001 ലെ കേരള നദീതീര സംരക്ഷണവും മണര്ൽവാരൽ നിയന്ത്രണവും ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നദീതീരം സംരക്ഷിക്കുന്നതുകൊണ്ടും നദികളിൽ നിന്ന് മണൽവാരുന്നത് റഗുലേറ്റ് ചെയ്യുന്നതുകൊണ്ടും നദികളെ ഒരു പരിധിവരെ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) അനധികൃത മണൽവാരൽ തടയുന്നതിനായി ആക്ടിലെയും ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ച അളവ് മണൽ മാത്രം നദിയുടെ കരക്ക് വാരിയിട്ട് ലേലം ചെയ്യുക കടവിൽ നിന്ന് ലേലം ചെയ്തുകൊണ്ടുപോകുന്ന മണലിന് പ്രത്യേക പാസ് ഏർപ്പെടുത്തുക പുഴയിൽ നിന്ന് മണൽ അനധികൃതമായി വാരികയറ്റാൻ സൗകര്യം ചെയ്യുന്ന വസ്തു ഉടമസ്ഥർക്കെതിരെയും അത് വാങ്ങുന്നവർക്കെതിരെയും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്ക, അനധികധത കടവുകൾ പൂട്ടുക അനധികൃത മണൽഖനനം തടയുന്നതിനും കേസ് എടുക്കുന്നതിനും മറ്റും പ്രത്യേക പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച വളളങ്ങൾ മാത്രം മണൽ വാരാൻ ഉപയോഗിക്കുക അനധികൃതമായി മണരൽ വാരാനും കയറ്റാനും ഉപയോഗിക്കുന്ന ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വളളങ്ങൾ അത്തരം മണൽ കയറ്റിക്കൊണ്ടുപോകുന്ന വളളങ്ങൾ, ലോറികൾ മറ്റു വാഹനങ്ങൾ എന്നിവ കണ്ട്കെട്ടുക മുതലായവയാണ് പ്രധാനപ്പെട്ടത്.

(ഡി) റവന്യുവകുപ്പ് ഏർപ്പെടുത്തിയിട്ടില്ല.

## നബാർഡിന്റെ സഹായത്തോടെ മരാമത്ത് പണികൾ

392. ശ്രീ. എം.കുമാരൻ
ശ്രീ. കെ.പി രാജേന്ദ്രൻ
ശ്രീ.പി.നാരായണൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന നിർമ്മാണജോലികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് കൂടുതൽ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് നബാർഡിൽ നിന്ന് വായ്പ ലഭിക്കുന്നതിന് സർക്കാര സ്വീകരിച്ചിട്ടുളള നടപടികൾ വിശദമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണപ്രവർത്തനങ്ങൾക്ക് നബാർഡിൽ നിന്ന് ലഭിച്ച വായ്പ എത്ര; ഇതിന്റെ പലിശ, തിരിച്ചടവ് എന്നിവ സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ഡി) നബാർഡിൽ നിന്നല്ലാതെ മറ്റ് ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നാണ് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്കുളള വായ്പ എടുത്തിട്ടുളളതെന്ന് വിശദമാക്കുമോ; ഓരോസ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുളള വായ്പകൾ എത്ര വീതം;

(ഇ) കുറഞ്ഞപലിശ, തിരിച്ചടവിന് കൂടുതൽ സമയം എന്നിവ കണക്കാക്കി കൂടുതലായി വായ്പയെടുക്കുമ്പോൾ വിദേശത്തിനിന്നുളള വായ്പ ഒഴിവാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടൊ എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) & (ബി) നബാർഡ് സഹായത്തോടെയുള്ള നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി ചീഫ്സെക്രട്ടറി അധയക്ഷനായള്ള കമ്മിറ്റി കാലാകാലങ്ങളിൽ യോഗം ചേർന്ന് വിലയിരുത്തുന്നുണ്ട്. പൊതുമരാമത്ത് തലത്തിൽ പ്രത്യേകമായും വിലയിരുത്തുന്നുണ്ട്. തൊട്ടുമുൻപുള്ള വർഷം റോഡ് പാലങ്ങൾക്കായി 100 കോടി രൂപ നബാർഡ് വായ്പയായി ലഭിച്ചപ്പോൾ 2002-2003 ൽ വായ്പാനുമതി 140 കോടി രൂപയായി വർദ്ധിച്ചു. നടപ്പുസാമ്പത്തിക വർഷത്തിലും വായ്പയെടുക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായി വരുകയാണ്.

(സി) പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണപ്രവർത്തനങ്ങൾക്കായി നബാർഡിൽ നിന്ന് ഇതുവരെ 513 കോടി രൂപ വായ്പയായി ലഭിച്ചിട്ടുണ്ട്. വായ്പ പലിശ നിരക്ക് ഇപ്പോൾ 8.5 ശതമാനം ആണ്. തിരിച്ചടവ് 7 വർഷം കൊണ്ടാണ് ചെയ്യേണ്ടത്.

(ഡി) & (ഇ) : ലോകബാങ്കിൽ നിന്ന് റോഡു വികസനത്തിന് 1250 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കും തിരിച്ചടവിന് ദീർഘമായ കാലാവധിയുമുള്ള ഈ വായ്പ റോഡു വികസനത്തിന് പ്രയോജനം ചെയ്യുന്നതാണ്.

## ആഗോള തൊഴിലവസരങ്ങളറിയിക്കാൻ സംവിധാനം

393. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
ശ്രീ. കെ. മുഹമ്മദാലി
ശ്രീ. വി.ഡി.സതീശൻ
ശ്രീ. വി.ജെ. പൗലോസ്
ശ്രീ. എം.മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആഗോള വ്യാപകമായി തൊഴിൽ മാർക്കറ്റിൽ ഉണ്ടാകുന്ന ഡിമാന്റിനെപ്പറ്റി പഠിക്കാനും തൽസമയം വിദേശങ്ങളിൽ ആവശ്യമായി വരുന്ന തൊഴിലിന്റെ സ്വാവത്തെപ്പറ്റി സംസ്ഥാനത്തെ വിദേശതൊഴിലന്വേഷകമര അറിയിക്കുവാനും എന്തെങ്കിലും സംവിധാനം നിലവിൽ ഉണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

**ഉത്തരം**

**ശ്രീ. എം.എം.ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യുവും വകുപ്പുമന്ത്രി)**

(എ) & (ബി) : വിദേശത്തേക്ക് തൊഴിലിനായി ആളുകളെ തെരെഞ്ഞെടുത്ത് അയക്കുന്നതിന് കേരള സർക്കാർ, ഓവർസീസ് ഡവലപ്മെന്റ് ആന്റ് എംപ്ളോയ്മെന്റ് പ്രെമോഷൻ കൺസൾട്ടൻസിനെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. അവർക്ക് ലഭിക്കുന്ന തൊഴിലവസരങ്ങൾ സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന പബ്ളിക് റിലേഷൻസ് വകുപ്പു മുഖേന പത്രക്കുറിപ്പായി പത്ര മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കാറുണ്ട്.

## പുതിയ താലൂക്കുകൾ

394. ശ്രീ.എ.എ. അസീസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പുതിയതായി താലൂക്കുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ. എം.മാണി(റവന്യൂവും നിയമവും വകുപ്പുമന്ത്രി)**

(എ) & (ബി): പുതിയ താലൂക്കുകൾ രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഒരു തീരുമാനമെടുക്കുന്നതിന് മുമ്പ് ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനുശേഷമുള്ള ഭരണപരമായ കാര്യങ്ങളും സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്തശേഷം വളരെ ആവശയമാണന്ന് കാണുന്നതും ജനസംഖ്യയും വിസ്തൃതിയുേ കൂടുതലുള്ളതുമായ താലൂക്കുകളുൌൂം വില്ലേജുകളുൌം മാത്രം പുന:സംഘടിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. ഇതിനെപ്പറ്റി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു പുതിയ കമ്മീഷനെ നിയോഗിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

## താഴ്ന്ന വരുമാനത്തിൽപ്പെടുന്നവർക്ക് ഫീസിൽ കുറവുവരുത്തുന്നതിന് നടപടി

395. ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ
ശ്രീ. ടി.കെ. ദേവകുമാർ
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ.പി.ജയരാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാന്ർത്ഥികളിൽ താഴ്ന്ന വരുമാനത്തിൽപ്പെടുന്നവർക്ക് ഫീസിൽ കുറവു വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കൂടിയ നിരക്കിൽ ഫീസ് കൊടുക്കുന്നതിന് കഴിവില്ലാത്തതുമൂലം പ്രവേശനം വേണ്ടെന്നു വെച്ച വരുമാനം കുറഞ്ഞ കുടുംബങ്ങളിലെ കുട്ടികൾക്ക്, ഫീസ് കുറച്ച സാഹചര്യത്തിൽ കൗൺസിലിംഗിന് ഒരവസരം നൽകുന്ന കാര്യം പരിഗണിക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ യൂണിവേഴ്സിറ്റികളാണ് സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്; ഇത് സംസഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളിലും ബാധകമാക്കുമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്തു സൂപ്പി(വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഉണ്ട്. 19.6.2003 ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.ടി.)869/2003/ ഉവിവ പ്രകാരം സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടുന്ന 60,000 രൂപ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രതിവർഷം ട്യൂഷൻ ഫീസ് 18,000 രൂപ നൽകിയാൽ മതിയെന്ന് ഉത്തരവായിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) യൂണിവേഴ്സിറ്റികൾ നേരിട്ട് നടത്തുന്ന സ്വാശ്രയ കോളേജുകളിൽ ഫീസ് കുറച്ചിട്ടുണ്ട്.

## സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നതിന് നടപടി

396. ശ്രീ. ഇ.എം ആഗസ്തി
ശ്രീ. അടൂർ പ്രകാശ്
പ്രൊഫ. സാവിത്രി ലക്ഷ്മണൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീമതി രാധാ രാഘവൻ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തിയതിനെത്തുടർന്ന് സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണ്;

(ബി) ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചുമോ; വിശദമാക്കാമോ;

(സി) വർഷങ്ങളായി പുതിയ നിയമനങ്ങൾക്കോ പ്രമോഷൻ ലഭിക്കേണ്ടവല്ർക്ക് പ്രമോഷന ലഭിക്കുന്നതിനോ അംഗീകാരം ലഭിക്കാതെ അനദ്ധ്യാപക ജീവനക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണ കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഭാഗം ജീവനക്കാരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്തു സൂപ്പി(വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) സ്വകാര്യ കോളേജുകളിലെ അനദ്ധ്യാപക തസ്തികകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച സർക്കാർ രണ്ട് കമ്മിറ്റികളെ നിയോഗിച്ചിരുന്നു. 26.11.2001 ലെ ജി.ഒ.(എം.എസ്) 158/01/ഉവിവ എന്ന ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 18.04.2002 ലും 19.09.2002 ലെ ജി.ഒ. (എംഎസ്) 126/02 ഉവിവ എന്ന ഉത്തരവ് പ്രകാരം നിയമിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് 01.02.2003 ലും സർക്കാരിന് ലഭിച്ചു.

(ബി) ആദ്യകമ്മിറ്റിയുടെ റിപ്പോർട്ടിനെ സംബന്ധിച്ച് സർക്കാർ അനധ്യ്യാപക ജീവനക്കാരുടെ വിവിധ സർവീസ് ശ്ഘടനാ പ്രതിനിധികളുമായി 6.6.2002 ൽ ചല്ർച്ച നടത്തി. റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് സംഘടനാ പ്രതിനിധികൾ ചർച്ചാവേളയിൽ ചില ദേദഗതികൾ നിർദ്ദെശിച്ചതിനെത്തുടർന്ന് റിപ്പോർട്ടിൻമേൽ തീരുമാനമെടുക്കാൻ കഴിഞ്ഞില്ല സംഘടനാ പ്രതിനിധികൾ ഉന്നയിച്ച ആവശ്യങ്ങൾ പരിശോധിക്കുന്നതിനുവേണ്ടി രണ്ടാമത്തെ കമ്മിറ്റിയെ

നിയമിച്ചു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശാപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) സ്റ്റാഫ് പാറ്റേണ് പരിഷ്ക്കരണ കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>എസ്.സി.ഇ.ആർ.ടി.യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ ക്രമക്കേടുകൾ</u>**

397. ശ്രീ. എ.കെ.ബാലൻ :
ശ്രീ. കെ.രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി.ഇ.ആർ.ടി.യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ പാകപ്പിഴകളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ) എസ്.സി.ഇ.ആർ.ടിയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പ്ളസ് വൺ പരീക്ഷാ നടത്തിപ്പിൽ ചില പാകപ്പിഴകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓപ്പൺ സ്കൂളിന്റെ ജില്ലാ ഓഫീസ് ഭാരവാഹികളുമായി ബന്ധപ്പെട്ട് ഇത്തരം പാകപ്പിഴകൽ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**<u>എൻജിനിയറിംഗ് കോളേജ് പ്രവേശനത്തിനുള്ള കൗൺസലിംഗ്</u>**

398. ശ്രീ. കെ.സി.വേണുഗോപാൽ :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ.പി.അനിൽകുമാർ :
ശ്രീ തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻജിനിയറിംഗ് കോളേജ് പ്രവേശനത്തിനുള്ള ഈ വർഷത്തെ കൗൺസലിംഗ് തുടങ്ങിയതെന്നാണ് ;

(ബി) പ്രസ്തുത തീയതിയിൽ സ്വാശ്രയ എൻജിയിംഗ് കോളേജുകളിലെ മെരിറ്റ് മാനേജ്മെന്റ് സീറ്റുകളിൽ വാർഷിക ഫീസ് എത്രയായാണ് നിശ്ചയിച്ചിരുന്നത് ; പിന്നീട് ഫീസ് എത്രയായി കുറച്ചു ;

(സി) ഉയർന്ന ഫീസ് നിർണ്ണയിച്ചതുമൂലം സ്വാശ്രയ എൻജിയിംഗ് കോളേജുകളിലെ മെരിറ്റ് സീറ്റുകളിലേക്കുള്ള കൗൺസലിംഗിൽ ആരെങ്കിലും പങ്കെടുക്കാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർ ; ഇപ്രകാരം കൗൺസലിംഗിന് വരാതിരുന്നവർക്ക് ഫീസ് കുറച്ചതിനെത്തുടർന്ന് അഡ്മിഷൻ ലഭിക്കാൻ ആഗ്രഹമുണ്ടങ്കിൽ ഒരു ചാൻസ് കൂടി നൽകി കൗൺസലിംഗ് നടത്താൻ നടപടിയെടുക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :**

(എ) 2003 ജൂൺമാസം 9-ാം തിയതി.

(ബി) പ്രസ്തുത തിയതിയിലെ ഫീസ് വിവരം താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| വാർഷിക ട്യൂഷൻ ഫീസ് | 360000 രൂപ |
| അഡ്മിഷൻ ഫീസ് | 150 രൂപ |
| സ്പെഷ്യൽ ഫീസ് | 1000 രൂപ |
| ക്വാഷൻ ഡെപ്പോസിറ്റ് | 5000 രൂപ (തിരിച്ചു നൽകുന്നത്) |

കൂടാതെ യൂണിവേഴ്സിററികൾ നിശ്ചയിക്കുന്ന യൂണിവേഴ്സിറ്റി ഫീസ് ഉണ്ടായിരിക്കും.

മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്ന് പലിശരഹിതമായ, തിരികെ നൽകുന്ന നിക്ഷേപമായി ഒരു ലക്ഷത്തിൽ കവിയാത്ത തുക വാങ്ങുന്നതിന് മാനേജ്മെൻറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പലിശരഹിത നിക്ഷേപം വാങ്ങാതിരിക്കുവാനും മാനേജ്മെൻറുകൾക്ക് തീരുമാനം എടുക്കാവുന്നതാണ്. പിന്നീട്, 19.6.2003-ലെ സർക്കാർ ഉത്തരവ് ജി.ഒ.(സാധാരണ) നംപർ 869/03/ഉവിവ പ്രകാരം വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ കുറവുള്ള സ്വാശ്രയ കോളേജുകളിൽ സർക്കാർ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 360000 രൂപയിൽ നിന്നും 18,000 രൂപയായി കുറയ്ക്കുകയുണ്ടായി.

(സി) ഉണ്ട്. മൂന്ന് പരാതികളാണ് ഇക്കാര്യം പറഞ്ഞ് ലഭിച്ചിട്ടുള്ളത്. ആദ്യം പ്രഖ്യാപിച്ച ഫീസ് നിരക്കിന്റെ അടിസ്ഥാനത്തിൽ സീറ്റ് എടുക്കാത്തവർക്ക് ഒരു അവസരം കൂടി നൽകുന്ന കാര്യം പരിഗണനയിലാണ്.

## പ്രകൃതിക്ഷോഭ ദുരിതനിവാരണ പദ്ധതികൾ

399. ശ്രീ.ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ.പി.നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിതനിവാരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?;

**ഉത്തരം**
**ശ്രീ. കെ. എം മാണി (റവന്യൂവും നിയമവും വകുപ്പ്)**

(എ) ഉണ്ട്

(ബി) പ്രകൃതിക്ഷോഭ ദുരിത നിവാരണ പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലകളിൽ ഡിസ്സാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കുകയും മുൻകാല അനുഭവങ്ങളുടെ വെളിച്ചത്തിൽ ജില്ലാ താലൂക്ക് തലങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ യോഗം കൂടുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപപിപ്പിക്കുന്നതിന് ജില്ലാതാലൂക്ക് തലങ്ങളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം അഅരംഭിക്കുകയും കടലാക്രമണവും പ്രകൃതിക്ഷോഭവും മൂലം ദുരിതമനുഭവിക്കുന്ന ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനും അതിനുള്ള ആശ്വാസ കേന്ദ്രങ്ങൾ തുറക്കുന്നതിനും, പ്രളയക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യറേഷൻ അനുവദിക്കുന്നതിനും ഓരോ ജില്ലയിലും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വനഭൂമി കൈവശക്കാർക്ക് പട്ടയം നൽകാൻ നടപടി

400. ശ്രീ. എൻ.ഡി.അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1977-ന് മുൻപ് വനഭൂമി കൈവശം വച്ചു വരുന്നവരും വനം, റവന്യൂ വകുപ്പുകൾ നടത്തിയ ജോയിന്റ് വെരിഫിക്കേഷനിൽ കൈവശം അംഗീകരിക്കപ്പെട്ടതുമായ കേസുകളിൽ കൈവശക്കാരുടെ ഭൂമിയ്ക്ക് പട്ടയം നൽകണമെന്ന സർക്കാർ ഉത്തരവിന് ഇപ്പോഴും നിയമ പ്രാബല്യമുണ്ടോ ;

(ബി) 1.1.1977-ന് മുൻപ് മുതൽ വനഭൂമി കൈവശം വച്ചിരുന്നതായി ജോയിന്റ് വെരിഫിക്കേഷനിൽ അംഗീകരിക്കപ്പെട്ട എല്ലാ കൈവശക്കാർക്കും പട്ടയം നൽകിക്കഴിഞ്ഞുവോ

(സി) ഇല്ലെങ്കിൽ ഇപ്രകാരം എത്ര പേർക്കു കൂടി പട്ടയം നൽകാൻ ഉണ്ടെന്ന് പറയാമോ ;

(ഡി) അവർക്ക് താമസം വിനാ പട്ടയം നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

**ഉത്തരം**
**ശ്രീ. കെ. എം മാണി (റവന്യൂവും നിയമവും വകുപ്പ്)**

(എ) 1.1.1977 ന് മുൻപ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് ഭൂമി പതിച്ചു നൽകുന്നത് സംബന്ധിച്ച് 1993 ലെ 1.1.1997 ന് മുൻപുള്ള വനഭൂമി കൈയ്യേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾക്ക് ഇപ്പോഴും നിയമപ്രാബല്യമുണ്ട്.

(ബി) എല്ലാ കൈവശക്കാർക്കും പട്ടയം നൽകിയിട്ടില്ല

(സി) അർഹരായ 8092 പേർക്ക് കൂടി ഇനിയും പട്ടയം നൽകാനുണ്ട്.

(ഡി) പട്ടയ വിതരണ നടപടികൾ ത്വരിത ഗതിയിൽ നടന്നു വരികയാണ്ഭ അവശേഷിക്കുന്ന അർഹരായ എല്ലാ അപേക്ഷകർക്കും അടിയന്തിരമായി പട്ടയം വിതരണം നടത്തണമെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സമഗ്ര വികസനം

401. ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ ) സാങ്കേതിക വിദ്യാഭ്യാസത്തിന്റെ സമഗ്ര വികസനത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നു മുതൽക്കാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**നാലകത്ത് സൂപ്പി ( വിദ്യാഭ്യാസ വകുപ്പു മന്ത്രി ) :**

(എ) ഉണ്ട്.

(ബി) ലോകബാങ്കിന്റെ സഹായത്തോടെ കേന്ദ്രഗവൺമെന്റിന്റെ സാങ്കേതിക വിദ്യാഭ്യാസ ഗുണമേന്മാ പദ്ധതിപ്രകാരം സംസ്ഥാനത്തെ തെരഞ്ഞെടുത്ത ചില എഞ്ചിനീയറിംഗ് കോളേജുകളെ ഗുണമേന്മാ കേന്ദ്രങ്ങളാക്കി മാറ്റാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം
2. എസ്.സി.റ്റി കോളേജ് ഓഫ് എഞ്ചി നീയറിംഗ്, പാപ്പനംകോട്
3. എം.ഇ.എസ്. കോളേജ്, കുറ്റിപ്പുറം
4. മോഡൽ എഞ്ചിനീയറിംഗ് കോളേജ്, എറണാകുളം
5. ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് , ചെങ്ങന്നൂർ
6. എൽ.ബി.എസ്. കോളേജ്, കാസർഗോഡ്.

(സി) 2003 ജൂലൈ മാസം മുതൽ ഈ പദ്ധതി നടപ്പിൽ വരും.

## സർക്കാർ സ്കൂളുകളിലെ കുട്ടികളുടെ കുറവ്

402 ശ്രീ കെ.സി.വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ചില വർഷങ്ങളായി സർക്കാർ സ്കൂൾ തലത്തിലുള്ള കുട്ടികളുടെ പ്രവേശനത്തിൽ ഉണ്ടായിട്ടുള്ള കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(സി) അൺ എയിഡഡ് മേഖലയിൽ ഈ കുറവ് ഉണ്ടായിട്ടില്ല എന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ ;

(ഡി) ഇത് തമ്മിലൊരു താരതമ്യ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

(എ) ഉണ്ട്

(ബി) ഉണ്ട്. അൺഎയ്ഡഡ് മേഖലയിൽ സ്കൂളുകൾ ഉണ്ടാകുന്നതും ജനന നിരക്കിലുള്ള കുറവുമാണ് പ്രധാനപ്പെട്ട കാരണങ്ങൾ

(സി) ഉണ്ട്.

(ഡി) ഉണ്ട്.

## എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യ നിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ

403. ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻട്രൻസ് പരീക്ഷകളുടെ നടത്തിപ്പിലും മൂല്യ നിർണ്ണയത്തിലും റിസൾട്ട് പ്രസിദ്ധീകരണത്തിലും ഉണ്ടായിട്ടുള്ള അപാകതകൾ ഏതൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശംങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇല്ലെങ്കിൽ കൂടെക്കൂടെ ഉണ്ടാകുന്ന ഇത്തരം അപാകതകൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):**

(എ) അപാകതകൾ അപ്പപ്പോൾ പരിഹരിക്കകയല്ലാതെ പ്രത്യേക അവലോകനം നടത്തിയിട്ടില്ല. എന്നാൽ ഇക്കൊല്ലത്തെ കണക്കു പരീക്ഷയിൽ സാങ്കേതികമായ ചില തകരാറുകൾ ശ്രദ്ധയിൽപ്പെടുകയും പ്രസ്തുത പരീക്ഷ റദ്ദാക്കി വീണ്ടും പരീക്ഷ നടത്തി യഥാസമയം റിസൾട്ട് പ്രഖ്യാപിക്കുകയുണ്ടായി.

(ബി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ടായിട്ടുള്ള അപാകതകൾ അപ്പപ്പോൾ പരിഹരിക്കുകയും അവ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.